ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.01.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെർസ് അഹമ്മദാബാദിൽ എത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജർമ്മൻ ചാൻസലറും സബർമതി ആശ്രമം സന്ദർശിച്ചു.

   **German Chancellor Friedrich Merz arrived in Ahmedabad for a two-day visit. Prime Minister Narendra Modi and the German Chancellor visited the Sabarmati Ashram.**

2. ഇന്ന് ദേശീയ യുവജന ദിനം. വിക്സിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും.

   **Today is National Youth Day. Prime Minister Narendra Modi will address the Viksit Bharat Young Leaders Dialogue.**

3. രാജ്യത്തെ മത്സ്യ ഉത്പാദനം 198 ലക്ഷം ടണ്ണായി വർദ്ധിച്ചു. നേട്ടത്തിന് പിന്നിൽ ഫിഷറീസ് മേഖലയിലെ സമഗ്ര പരിഷ്കരണമെന്ന് കേന്ദ്ര സർക്കാർ.

The fish production in the country has increased to around 198 lakh tonnes. The Ministry said, a series of transformative initiatives has been taken to foster the comprehensive development of the fisheries sector.

4. ഭൗമ നിരീക്ഷണ ഉപഗ്രഹമായ EOS-N1, ഐ എസ് ആർ ഒ വിക്ഷേപിച്ചു. വിക്ഷേപണത്തിന്റെ നാലാം ഘട്ടത്തിൽ സാങ്കേതിക പ്രശ്നങ്ങൾ കണ്ടെത്തിയതായി ഐ എസ് ആർ ഒ.

ISRO launched the Earth observation satellite EOS-N1. ISRO said that technical issues were detected during the fourth stage of the launch.

5. കേരളത്തിൽ സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് പ്രത്യേക തിരഞ്ഞെടുപ്പ് നടക്കുന്ന മൂന്ന് തദ്ദേശ വാർഡുകളിലേക്കുള്ള വോട്ടെടുപ്പ് പുരോഗമിക്കുന്നു.

Voting is underway in three local body wards in Kerala where special elections are being held following the death of candidates.

6. ഇറാനിൽ പ്രക്ഷോഭങ്ങളിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 544 ആയി. പ്രതിഷേധങ്ങൾ സമാധാനപരമായി നേരിടണമെന്ന് യുഎൻ.

In Iran, the death toll has reached 544 in nationwide anti-government protests. The UN urged Iranian authorities that protests should be handled peacefully.

## GERMAN CHANCELLOR VISIT

രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെർസ് അഹമ്മദാബാദിൽ എത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജർമ്മൻ ചാൻസലറും സബർമതി ആശ്രമം സന്ദർശിച്ച് രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. സബർമതി തീരത്ത് നടന്ന അന്താരാഷ്ട്ര കൈറ്റ് ഫെസ്റ്റിവലിലും ഇരുവരും പങ്കെടുത്തു. മൂന്ന് ദിവസത്തെ മേളയിൽ അമ്പത് രാജ്യങ്ങളിൽ നിന്നുള്ള 135 പേർ പങ്കെടുക്കുന്നുണ്ട്. 'ഓപ്പറേഷൻ സിന്ദൂർ' അടിസ്ഥാനമാക്കി നിർമിച്ച പട്ടങ്ങൾ ഇത്തവണ ഏറെ ശ്രദ്ധേയമായി. ഇന്ത്യ-ജർമ്മനി പങ്കാളിത്തത്തിൽ കൈവരിച്ച പുരോഗതി പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജർമ്മൻ ചാൻസലറും വിലയിരുത്തി.

## PM-VIVEKANAND

ഇന്ന് ദേശീയ യുവജന ദിനം. ആത്മീയ നേതാവും തത്ത്വചിന്തകനുമായ സ്വാമി വിവേകാനന്ദന്റെ ജന്മവാർഷികത്തോടനുബന്ധിച്ചാണ് എല്ലാ വർഷവും

ജനുവരി 12 ദേശീയ യുവജന ദിനമായി ആചരിക്കുന്നത്. സ്വാമി വിവേകാനന്ദൻറെ ജന്മവാർഷിക ദിനത്തിൽ

രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു. 'സ്വയം ജ്വലിക്കുക, ലോകത്തെ സ്വാധീനിക്കുക' എന്നതാണ് ഈ വർഷത്തെ ദേശീയ യുവജന ദിന പ്രമേയം.

## VB YOUNG LEADERS

ന്യൂഡൽഹിയിൽ നടക്കുന്ന വിക്സിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 3,000 യുവ പ്രതിനിധികളുമായി അദ്ദേഹം സംവദിക്കും. കേരളത്തിൽ നിന്ന് 60 അംഗ സംഘമാണ് പങ്കെടുക്കുന്നത്.

## GOVT - FISH PRODUCTION -( INTRO)

രാജ്യത്തെ മത്സ്യ ഉത്പാദനം 198 ലക്ഷം ടണ്ണായി വർദ്ധിച്ചു. ഫിഷറീസ് മേഖലയിലെ സമഗ്ര മാറ്റങ്ങളാണ് ഈ നേട്ടത്തിന് പിന്നിലെന്ന് കേന്ദ്ര സർക്കാർ.

*വിശദാംശങ്ങളിലേക്ക്...*

*(വോയിസ്)*

## GOVT - FISH PRODUCTION (VOICE)

രാജ്യത്ത് മത്സ്യ ഉത്പാദനം 2013 - 14 കാലയളവിൽ 95 ലക്ഷം ടണ്ണായിരുന്നു. ആകെ 106 ശതമാനത്തിലധികം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫിഷറീസ്, അക്വാകൾച്ചർ എന്നീ മേഖലകൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ നിർണായക പങ്ക് വഹിക്കുന്നതായി കേന്ദ്ര ഫിഷറീസ് - മൃഗസംരക്ഷണ മന്ത്രാലയം അറിയിച്ചു. ഫിഷറീസ് മേഖലയുടെ സമഗ്ര വികസനത്തിനായി കേന്ദ്ര സർക്കാർ നടപ്പാക്കിയ പരിഷ്കരണ നടപടികളാണ് ഈ മുന്നേറ്റത്തിന് കാരണം. നീല വിപ്ലവം, പ്രധാൻ മന്ത്രി മത്സ്യ സമ്പാദ യോജന, പ്രധാൻ മന്ത്രി മത്സ്യ കിസാൻ സമൃദ്ധി യോജന തുടങ്ങിയവയിൽ ഉൾപ്പെടുത്തി 2014 -15 കാലയളവിൽ 32,723 കോടി രൂപയാണ് അനുവദിച്ചത്. സമുദ്ര ഉത്പന്ന കയറ്റുമതിയും എക്കാലത്തേയും ഉയർന്ന മൂല്യമായ 62,408 കോടി രൂപയിൽ എത്തിയിരിക്കുകയാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചു.

**ന്യൂസ് ഡെസ്ക്, ആകാശവാണി....**

## VAISHNAW–WASHINGTON VISIT

അമേരിക്കയിലെ വാഷിംഗ്ടൺ ഡിസിയിൽ നടക്കുന്ന ജി 7 CRITICAL MINIRALS മന്ത്രിതല യോഗത്തിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് പങ്കെടുക്കും. തന്ത്രപ്രധാനമായ വിഭവങ്ങളുടെ ആഗോള വിതരണ ശൃംഖല സുരക്ഷിതമാക്കുക എന്നതാണ് യോഗത്തിൻറെ ലക്ഷ്യം.

വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് നിർണായക ധാതുക്കളുടെ സുരക്ഷിത വിതരണ ശൃംഖലകൾ അനിവാര്യമാണെന്ന് ശ്രീ അശ്വിനി വൈഷ്ണവ് സമൂഹ മാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## JK–SEARCH OPERATION

ജമ്മു കശ്മീരിലെ സാംബ, രജൗരി, പൂഞ്ച് ജില്ലകളിലെ അന്താരാഷ്ട്ര അതിർത്തി, നിയന്ത്രണ രേഖ എന്നിവിടങ്ങളിൽ സുരക്ഷാ സേന സംശയാസ്പദമായ ഡ്രോൺ നീക്കങ്ങൾ കണ്ടെത്തി. പാകിസ്ഥാൻ പ്രദേശത്ത് നിന്ന് എത്തിയ ഇവ ഏതാനും മിനിറ്റുകൾ ഇന്ത്യൻ അതിർത്തി കടന്ന് പറന്ന ശേഷം തിരികെ പോയതായാണ് റിപ്പോർട്ട്. ഡ്രോൺ നീക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടതോടെ അതിർത്തി രക്ഷാ സേന തിരച്ചിൽ ഊർജ്ജിതമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## CBI – KARUR STAMPEDE

തമിഴ്നാട്ടിലെ കരൂരിൽ തിക്കിലും തിരക്കിലും പെട്ട് 41 പേർ മരിക്കാനിടയായ കേസിൽ TVK മേധാവിയും നടനുമായ വിജയ് ന്യൂഡൽഹിയിലെ CBI ആസ്ഥാനത്ത് ഹാജരായി. കഴിഞ്ഞ സെപ്റ്റംബറിൽ പാർട്ടി സംഘടിപ്പിച്ച സമ്മേളനത്തിനിടെയാണ് അപകടമുണ്ടായത്.

❁❁❁❁❁❁❁❁❁❁❁❁❁

## PARLIAMENT

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെ ആരംഭിക്കുന്ന സമ്മേളനം രണ്ട് ഘട്ടങ്ങളിലായി ഏപ്രിൽ 2 വരെ തുടരും. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ജനുവരി

29-ന് പാർലമെന്റിൽ സമർപ്പിക്കും. 2026–27 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് ഈ സമ്മേളനത്തിൽ അവതരിപ്പിക്കും.

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/p bvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

## ISRO- EOS LAUNCH (INTRO)

ഭൗമ നിരീക്ഷണ ഉപഗ്രഹമായ EOS-N1, ISRO വിക്ഷേപിച്ചു. വിക്ഷേപണത്തിന്റെ നാലാം ഘട്ടത്തിൽ ചില സാങ്കേതിക പ്രശ്നങ്ങൾ കണ്ടെത്തിയതായി ISRO ചെയർമാൻ വി.നാരായണൻ പറഞ്ഞു. ഇതു സംബന്ധിച്ച് കൂടുതൽ വിശകലനം നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

(വോയിസ്)

ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിലെ ഒന്നാം വിക്ഷേപണത്തറയിൽ നിന്ന് ഇന്ന് രാവിലെ 10:17 നായിരുന്നു വിക്ഷേപണം. ISRO യുടെ ഈ വർഷത്തെ ആദ്യ വിക്ഷേപണമാണിത്.

## KERALA CM-PROTESTMARCH

കേരളത്തിന് അർഹമായ അവകാശങ്ങൾ കേന്ദ്ര സർക്കാർ എത്രയും വേഗം അനുവദിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉപരോധത്തിനെതിരെ തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിൽ സംഘടിപ്പിച്ച സത്യാഗ്രഹ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അതെസമയം, നിയമസഭ തിരഞ്ഞെടുപ്പിന് മുന്നോടിയായി വികസന റിപ്പോർട്ട് കാർഡ് പുറത്തിറക്കേണ്ടതിന് പകരം ജനങ്ങളുടെ

ശ്രദ്ധ തിരിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. 2014 മുതൽ കേന്ദ്ര സർക്കാർ 3.2 ലക്ഷം കോടി രൂപ കേരളത്തിന് നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## VIZHINJAM ELECTION

സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് പ്രത്യേക തിരഞ്ഞെടുപ്പ് നടക്കുന്ന മൂന്ന് തദ്ദേശ വാർഡുകളിലേക്കുള്ള വോട്ടെടുപ്പ് പുരോഗമിക്കുന്നു. തിരുവനന്തപുരം കോർപറേഷനിലെ

വിഴിഞ്ഞം, മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമ പഞ്ചായത്തിലെ പായിമ്പാടം വാർഡ്, എറണാകുളം പാമ്പാക്കുട ഗ്രാമ പഞ്ചായത്തിലെ ഓണക്കൂർ എന്നിവിടങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ് നടക്കുന്നത്.

വോട്ടെണ്ണൽ നാളെ നടക്കും.

## SIR

കേരളത്തിൽ SIR-ൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. voters.eci.gov.in,

ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

## SABARIMALA

മകരവിളക്കിനു ശബരിമല അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്ന തിരുവാഭരണങ്ങൾ അടങ്ങിയ പേടകങ്ങളുടെ ഘോഷയാത്ര ഇന്ന് പന്തളത്ത് നിന്നു പുറപ്പെടും. പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിൽ നിന്നും വലിയകോയിക്കൽ ക്ഷേത്രത്തിലേക്കാണ് എഴുന്നള്ളിപ്പ്. ഉച്ച വരെ പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽ തിരുവാഭരണ ദർശനം നടക്കും. പിന്നീട് ഘോഷയാത്ര ശബരിമല സന്നിധാനത്തേക്ക് പുറപ്പെടും. ഈ മാസം 14 നാണ് മകരവിളക്ക്.

## IRAN PROTEST

ഇറാനിൽ സർക്കാർ വിരുദ്ധ പ്രക്ഷോഭങ്ങളിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 544 ആയി. കൊല്ലപ്പെട്ടവരിൽ

50 ഓളം സുരക്ഷാ ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. സംഘർഷങ്ങളുമായി ബന്ധപ്പെട്ട് പതിനായിരത്തിലേറെ പേരെയാണ് അറസ്റ്റ് ചെയ്തത്. ഇറാനിൽ ഇന്റർനെറ്റും ടെലിഫോൺ ലൈനുകളും വിച്ഛേദിച്ചിരിക്കുകയാണ്.

## UN-IRAN

പ്രക്ഷോഭം തുടരുന്ന ഇറാനിൽ, ഭരണകൂടം സംയമനം പാലിക്കണമെന്നും പ്രതിഷേധങ്ങൾ സമാധാനപരമായി നേരിടണമെന്നും യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. ആശയവിനിമയ സംവിധാനങ്ങൾ പുനഃസ്ഥാപിക്കുന്നത് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ചർച്ചയ്ക്കുള്ള സന്നദ്ധത ഇറാൻ അറിയിച്ചതായും നേതൃത്വവുമായി കൂടിക്കാഴ്ച നടത്തുമെന്നും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പറഞ്ഞു.

## PIB FACT CHECK

സുരക്ഷാ പരിഷ്കരണത്തിന്റെ ഭാഗമായി സ്മാർട്ട്ഫോൺ നിർമ്മാതാക്കളെ അവരുടെ സോഴ്സ് കോഡ് പങ്കിടാൻ ഇന്ത്യ നിർബന്ധിക്കുന്നതായി പ്രചരിക്കുന്ന വാർത്തകൾ വസ്തുതാ വിരുദ്ധമെന്ന് പി.ഐ.ബി ഫാക്ട് ചെക്ക്. മൊബൈൽ സുരക്ഷയ്ക്കായി ഏറ്റവും അനുയോജ്യമായ നിയന്ത്രണ ചട്ടക്കൂട് രൂപീകരിക്കുന്നതിന് ആരംഭിച്ച കൂടിയാലോചനകളിൽ അന്തിമ തീരുമാനങ്ങളൊന്നും ആയിട്ടില്ലെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കി.